# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1186 12.03.2015-ൽ മറുപടി

## ഹാരിസൺ മലയാളം പ്ലാന്റേഷൻ കമ്പനിയുടെ അധീനതയിലുള്ള തോട്ടഭൂമികൾ

ചോദ്യം

ശ്രീ.രാജു എബ്രഹാം

മറുപടി

ശ്രീ.അടൂർ പ്രകാശ്

(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | ഹാരിസൺ മലയാളം പ്ലാന്റേഷൻ കമ്പനിയുടെ അധീനതയിലുള്ള തോട്ടഭൂമികൾ ഏറ്റെടുക്കാമെന്ന സ്പെഷ്യൽ ഓഫീസർ രാജമാണിക്യത്തിന്റെ ഉത്തരവ് സർക്കാർ നടപ്പാക്കിയോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്നറിയിക്കുമോ; ഉത്തരവിനെതിരെ കമ്പനി സമർപ്പിച്ചിട്ടുള്ള രേഖകൾ പരിശോധിച്ചിട്ടുണ്ടോ; ഇവയിൽ ഏതെങ്കിലും വ്യാജമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ രേഖകളാണ് വ്യാജമാണെന്ന കണ്ടെത്തിയിട്ടുള്ളത്; | സ്റ്റേറ്റ് സ്പെഷ്യൽ ഓഫീസർ & കളക്ടറുടെ 01.12.2014-ാം തീയതിയിലെ GLR(LR)-4/2013-ാം നമ്പർ നടപടിക്രമത്തിനെതിരെ M/s.ഹാരിസൺസ് മലയാളം ലിമിറ്റഡ് ഫയൽ ചെയ്ത WP(C)-33122/2014-ാം നമ്പർ കേസ് ബഹു.ഹൈക്കോടതിയുടെ പരിഗണനയിലാണ്. അവസാനമായി 03.03.2015-ന് ടി കേസ് ബഹു.ഹൈക്കോടതി പരിഗണിക്കുകയും അടുത്ത വിചാരണ 30.03.2015-ലേയ്ക്ക് മാറ്റി വയ്ക്കുകയും ചെയ്തിട്ടുണ്ട്. ടി കേസിൽ സർക്കാർ ഭൂമി ഏറ്റെടുത്തുകൊണ്ടുള്ള ഉത്തരവിന്റെ തൽസ്ഥിതി തുടരാൻ ബഹു.ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്. M/s.ഹാരിസൺസ് മലയാളം ലിമിറ്റഡിന്റെ പേരിൽ ഭൂരേഖകൾ ഒന്നുംതന്നെ നിലവിലില്ല. ബ്രിട്ടീഷ് കമ്പനിയായിരുന്ന M/s.മലയാളം പ്ലാന്റേഷൻസ് (യു.കെ) ലിമിറ്റഡിന്റെ പേരിലുണ്ടായിരുന്ന സർക്കാർ ഗ്രാന്റുകളുടെയും, സർക്കാർ/ സ്വകാര്യ പാട്ടഭൂമിയുടെയും കരാർ ഉടമ്പടികളാണ് M/s.ഹാരിസൺസ് മലയാളം ലിമിറ്റഡ് ഹാജരാക്കിയിരിക്കുന്നത്. പ്രസ്തുത രേഖകളുടെ പകർപ്പിന്റെ അടിസ്ഥാനത്തിലുള്ള അവകാശവാദം തള്ളിയിട്ടുണ്ട്. |
| (ബി) | ഹാരിസൺ മലയാളം പ്ലാന്റേഷൻ 1962 മുതൽ നൽകുന്ന തോട്ടവിള നികുതിയുടെ ഫയൽ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; പരിശോധിച്ചിട്ടുണ്ടെങ്കിൽ ഇതിൽ എന്തെങ്കിലും കൃത്രിമം കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെയെന്ന അറിയിക്കുമോ; | സംസ്ഥാന സർക്കാർ ഹാരിസൺസ് മലയാളം പ്ലാന്റേഷൻ കമ്പനിക്ക് ഭൂമി പാട്ടത്തിന് നൽകിയിട്ടില്ല. അനധികൃതമായി ഹാരിസൺസ് മലയാളം ലിമിറ്റഡ് കൈവശം വച്ചിരിക്കുന്ന ഭൂമി തിരിച്ച് പിടിക്കുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നു. |

| | | |
|---|---|---|
| (സി) | കൃത്രിമ മാർഗ്ഗമുപയോഗിച്ച് സർക്കാർ ഭൂമി കൈക്കലാക്കാൻ കമ്പനി നടത്തുന്ന ശ്രമങ്ങൾക്കെതിരെ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ; ഇതു സംബന്ധിച്ച് കോടതിയിൽ നിലനിൽക്കുന്ന കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്? | ഹാരിസൺസ് മലയാളം ലിമിറ്റഡിന്റെ കൈവശത്തിലുള്ള സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിലേക്കായി സർക്കാർ സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. സ്പെഷ്യൽ ഓഫീസറുടെ നടപടിക്രമത്തിനെതിരെ ഹാരിസൺസ് മലയാളം ലിമിറ്റഡ് ഫയൽ ചെയ്ത കേസിൽ തൽസ്ഥിതി തുടരാൻ ബഹു.ഹൈക്കോടതി നിർദ്ദേശിച്ചിരിക്കുകയാണ്. |

C.K.V. Kumar

**സെക്ഷൻ ഓഫീസർ**